പോകാൻ സമ്മതിക്കില്ല. അതുകൊണ്ട് ഈ പട്ടയങ്ങൾ ഉടൻതന്നെ നൽകാനുള്ള തീരുമാനമുണ്ടാകണം. റവന്യൂ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും മാന്യമായ സമീപനം ഉടൻ ഉണ്ടാകണം; ഇതുവരെയും ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കണം. രണ്ടുമാസത്തിനകം മുഴുവൻ പട്ടയവും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, എരുമേലി, മണിമല, തീക്കോയി പഞ്ചായത്തുകളിലെ കർഷകർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് 23-1-2014-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേരുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 25-2-2014-ന് ഒരുത്തരവ് പുറപ്പെടുവിച്ചു. ആ ഉത്തരവനുസരിച്ച് ജില്ലാ കളക്ടർമാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ തീക്കോയി, പൂഞ്ഞാർ നടുഭാഗം വില്ലേജുകളിലും വിവിധ സർവ്വേ നമ്പരുകളിലായി മിച്ചഭൂമി, bought-in-land എന്നിവ കയ്യേറി താമസിക്കുന്ന 98 കുടുംബങ്ങൾക്ക് പരമാവധി ഒരേക്കർവീതം പതിച്ചുനൽകുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. പട്ടയം നൽകുന്ന കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ പ്രത്യേകം നിർദ്ദേശം നൽകുന്നതാണ്. മറ്റു കടുംകൈയൊന്നും ബഹുമാനപ്പെട്ട അംഗം സ്വീകരിക്കേണ്ട ആവശ്യമില്ല. പട്ടയം നൽകുന്ന കാര്യത്തിൽ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, 76 കുടുംബങ്ങൾക്കാണ് പട്ടയം നൽകാൻ തീരുമാനിച്ചിരുന്നത്. അത് എങ്ങനെ 98 ആയി? അനധികൃതമായി പട്ടയം നൽകുന്നത് പ്രശ്നമല്ലേ? ..... (ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ : .....യെസ്.....പ്ലീസ്.....പ്ലീസ്.....

ശ്രീ. അടൂർ പ്രകാശ്: സർ, എന്തായാലും ജില്ലാ കളക്ടറുടെ റിപ്പോർട്ടാണ് ഇക്കാര്യത്തിൽ അടിസ്ഥാനമായിട്ടുള്ളത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അവിടെ ആരൊക്കെ താമസിക്കുന്നുണ്ട്, അവരുടെ കൈവശമുള്ള ഭൂമി ആരുടെയൊക്കെയാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് 98 എണ്ണമായി ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ളത്. ഞാൻ എഴുതിക്കൊണ്ടുവന്ന മറുപടിയല്ല, എനിക്ക് കളക്ടർ നൽകിയ മറുപടിയനുസരിച്ച് 98 ആളുകൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

6. ഇ-വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ് റൂൾസ്

ശ്രീ. എം. പി. വിൻസെന്റ്: സർ, ഇലക്ട്രോണിക് മാലിന്യങ്ങൾ പരിസ്ഥിതിക്ക് വൻ വെല്ലുവിളിയാവുകയാണ്. ഇ-വേസ്റ്റ് സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ വളരെ വലുതാണ്. ഇലക്ട്രോണിക് മാലിന്യങ്ങൾ മണ്ണിൽ കലരുന്നത് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിവയ്ക്കും. ഇതിൽ മെർക്കുറി, ലെഡ് തുടങ്ങിയവ മണ്ണിനും മനുഷ്യനും ഹാനികരമാണ്. ഇ-വേസ്റ്റുകൾ വിവിധ രാജ്യങ്ങളിൽനിന്നും എത്തുന്നതാണ്. ഓരോ വർഷവും

10.12.AM]

10.14.AM]

LIBRARY ARCHIVES Kerala Legislative Assembly

മൂന്നുലക്ഷം ടൺ ഇ-മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2015-ൽ കേരളത്തിൽ ഇ-വേസ്റ്റ് പത്ത് ലക്ഷം ടൺ എത്തുമെന്നാണ് കണക്ക്. വിദേശരാജ്യങ്ങളിൽ പൊതുവഴിയിൽ ഉപേക്ഷിക്കുന്ന ഉപയോഗശൂന്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ റീ-സൈക്കിൾ ചെയ്ത് പുതിയ ഉല്പന്നങ്ങളാക്കി കയറ്റി അയയ്ക്കുന്നതായാണ് അറിയുന്നത്. ഇ-വേസ്റ്റ് സംസ്കരിക്കുന്നതിനായി കഞ്ചിക്കോട് എർപ്പെടുത്തിയ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. 2011-ലെ ഇ-വേസ്റ്റ് മാനേജ്മെന്റ് & ഹാൻഡ്ലിംഗ് റൂൾസ് അനുസരിച്ച് ഉല്പാദകർതന്നെ ടേക്-ബാക്ക് സിസ്റ്റം വഴി ഇ-വേസ്റ്റ് ഡിസ്പോസ് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. 14-5-2011-ലാണ് ഈ റൂൾ നിലവിൽ വന്നത്. എന്നാൽ സംസ്ഥാനത്ത് ഉല്പാദകർ ഇ-വേസ്റ്റുകൾ സംഭരിക്കണമെന്ന പ്രസ്തുത റൂളിലെ വ്യവസ്ഥ പാലിക്കുന്നില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഭാഗത്തുനിന്നും ഇതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. ഈ സാഹചര്യത്തിൽ സ്വതവേ രോഗാതുരമായ കേരളത്തിൽ വലിയൊരു പ്രശ്നമായി ഇ-മാലിന്യങ്ങൾ വരുമെന്നുള്ളത് ഗൗരവപൂർവ്വമായ കാര്യമാണ്. ഇത്തരം കാര്യങ്ങൾ ഒഴിവാക്കി സമഗ്രമായ ഇ-മാലിന്യ നിർമ്മാർജ്ജന പദ്ധതി ആവിഷ്ക്കരിക്കാൻ പ്രത്യേക നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട
10.16.AM] മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. 1-1-2014-ൽ തന്നെ ഇതിനുവേണ്ട നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഇ-വേസ്റ്റ് ഉല്പാദിപ്പിക്കുന്നവർ തന്നെ തിരിച്ചെടുത്ത് അത് നശിപ്പിക്കണമെന്നുള്ളതാണ്. Extended producer liability ആയിട്ടാണ് കണക്കാക്കുന്നത്. അങ്ങനെ ചെയ്യണമെന്നാണ് വ്യവസ്ഥ. എന്നാൽ അത് ചെയ്യാനുള്ള സൗകര്യങ്ങൾ കേരളത്തിൽ കുറവാണ്. അതുകൊണ്ട് ഇവ ശേഖരിക്കുന്നതിനും കയറ്റി അയക്കുന്നതിനുംവേണ്ടി ഏജൻസികൾക്ക് കേരള പൊല്യൂഷൻ കൺട്രോൾ ബോർഡ് ലൈസൻസ് കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് കയറ്റി അയച്ചതിനുശേഷം മറ്റുസംസ്ഥാനങ്ങളിൽവച്ച് നശിപ്പിക്കുകയും ചെയ്യാറുണ്ടെന്നതാണ്. സംസ്ഥാനത്ത് സി.എഫ്.എൽ., ട്യൂബ് ലൈറ്റ്, മൊബൈൽ ഫോൺ, കംപ്യൂട്ടർ തുടങ്ങിയവയിൽനിന്ന് ഇ-മാലിന്യങ്ങൾ ഉണ്ടാകുന്നുണ്ട്. അത് വാസ്തവത്തിൽ വളരെയധികം അപകടം ചെയ്യുന്നുണ്ട്. അത്തരത്തിലുള്ളവ നശിപ്പിക്കണമെന്നത് നിർബന്ധമാണ്. അതിനുള്ള എല്ലാ ഡയറക്ഷനും ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. വളരെ ശക്തിയായി അക്കാര്യങ്ങൾ നടപ്പാക്കാനുള്ള ശ്രമങ്ങൾ നടത്തും.

7. ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ

ശ്രീ. എം. ഉമ്മർ: സർ, ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുക
10.17.AM] യെന്നുള്ളത് ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ പ്രധാന ഉദ്ദേശങ്ങളിലൊന്നാണ്. കേവലം ഒരു രജിസ്റ്റർ മാത്രമല്ല, നാട്ടറിവുകളെയും ചരിത്രങ്ങളെയും സംബന്ധിച്ചും പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ചുമുള്ള സമഗ്രമായൊരു വിവരശേഖരണമാണ് ജനങ്ങളുടെ പിന്തുണയോടുകൂടിയുള്ള ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ എന്നുപറയുന്നത്. കാർഷിക

LIBRARY ARCHIVES Kerala Legislative Assembly